©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2020 നവംബർ 09<br>09th November 2020<br>1196 തുലാം 24<br>24th Thulam 1196<br>1942 കാർത്തികം 18<br>18th Karthika 1942 | നമ്പർ<br>No. | 2720 |

### കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

വിജ്ഞാപനം

നമ്പർ: 285/2020/സം.തി.ക                    തീയതി, തിരുവനന്തപുരം, 2020 നവംബർ 09

സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലേയ്ക്ക് 2020-ൽ നടക്കുന്ന പൊതുതിരഞ്ഞെടുപ്പിൽ ഓരോ ത്രിതല പഞ്ചായത്തിലും പട്ടികജാതികൾക്കും പട്ടികവർഗ്ഗങ്ങൾക്കും സ്ത്രീകൾക്കും സംവരണം ചെയ്തിട്ടുള്ളത്രയും എണ്ണം സ്ഥാനങ്ങൾ ആവർത്തനക്രമമനുസരിച്ച് ഏതു നിയോജകമണ്ഡലത്തിലാണ് നൽകേണ്ടതെന്ന് 2020 സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 05 വരെ തീയതികളിൽ നറുക്കെടുപ്പിലൂടെ തീരുമാനിക്കുന്നതിന് അതത് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരെ (ജില്ലാ കളക്ടറെ) അധികാരപ്പെടുത്തിക്കൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 212/2020/സം.തി.ക, 213/2020/സം.തി.ക, 214/2020/സം.തി.ക എന്നീ നമ്പറുകളായി 15.09.2020 തീയതിയിൽ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. അതിൻ പ്രകാരമുള്ള പ്രക്രിയ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ പൂർത്തീകരിച്ചിരുന്നു. എന്നാൽ സംവരണ നിയോജകമണ്ഡലങ്ങൾ ആവർത്തനക്രമം പാലിച്ച് നറുക്കെടുപ്പിലൂടെ നിശ്ചയിക്കുവാനും അപ്രകാരം നിശ്ചയിക്കുമ്പോൾ രണ്ടു പ്രാവശ്യം തുടർച്ചയായി സംവരണം വന്ന നിയോജകമണ്ഡലങ്ങളെ നറുക്കെടുപ്പിൽ നിന്ന് ഒഴിവാക്കുവാനും ബഹുമാനപ്പെട്ട

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഹൈക്കോടതി WP(C)No.21038/2020 കേസ്സിലെ 04.11.2020 ലെ വിധിന്യായത്തിലും, തുടർന്ന് WP(C)No.21301/2020, WP(C)No.22480/2020, WP(C)No.22832/2020, WP(C)No.23745/2020, WP (C)No.22309/2020, WP (C)No.23635/2020 എന്നീ കേസ്സുകളിലെ 09.11.2020 ലെ വിധിന്യായത്തിലും ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത കോടതി വിധിയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത്, പത്തനംതിട്ട ജില്ലയിലെ അയിരൂർ, മൈലപ്ര എന്നീ ഗ്രാമ പഞ്ചായത്തുകൾ, എറണാകുളം ജില്ലയിലെ കാലടി, ശ്രീമൂലനഗരം എന്നീ ഗ്രാമ പഞ്ചായത്തുകൾ, പറവൂർ ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സംവരണ നിയോജകമണ്ഡലങ്ങൾ നിശ്ചയിക്കുന്നതിനുള്ള നറുക്കെടുപ്പ് 11.11.2020 തീയതിയിൽ രാവിലെ 11.30 മണിക്ക് അതത് ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് നടത്താൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനായ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് (ജില്ലാ കളക്ടർക്ക്) നിർദ്ദേശം നൽകിക്കൊണ്ട് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 10-)0 വകുപ്പ് 2(എ) ഉപവകുപ്പ് പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33

**വി. ഭാസ്കരൻ,**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2020.11.09 11:34:33 +05:30